**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3246** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഇ-ടെണ്ടർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറുകൾ ഇ-ടെണ്ടർ സംവിധാനത്തിലേക്ക് മാറിയതിലൂടെ എന്തൊക്കെ ഗുണങ്ങളാണ് സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറുകൾ ഇ-ടെണ്ടർ സംവിധാനത്തിലേക്ക് മാറിയതിലൂടെ ലഭ്യമായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ടെണ്ടർ നടപടികളുടെ വേഗത വർദ്ധിച്ചു.<br><br>ഇ-ടെണ്ടർ പ്രക്രിയ കൂടുതൽ സുതാര്യമായ ടെണ്ടർ പ്രക്രിയയായി മാറി.<br><br>മാന്വൽ ടെണ്ടറിലുണ്ടായിരുന്ന മാന്വൽ ഡാറ്റാ എൻട്രി തുടങ്ങിയവയ്ക്കുള്ള ചെലവുകളും സമയനഷ്ടവും കുറയ്ക്കുവാൻ സാധിച്ചു.<br><br>ഇ-ടെണ്ടർ വഴി രാജ്യത്താകമാനമുള്ള അംഗീകൃത കരാറുകാർക്ക് പങ്കെടുക്കുവാൻ കൂടുതൽ അവസരം ലഭ്യമാകുകയും അതുവഴി കരാറുകാരുടെ പ്രാദേശിക കൂട്ടുകെട്ടുകൾ മൂലം സർക്കാരിനുണ്ടാകുമായിരുന്ന വലിയ നഷ്ടം കുറയ്ക്കുവാനും സാധിച്ചു.<br><br>മത്സരസ്വഭാവമുള്ള കൂടുതൽ ബിഡ്ഡുകൾ ലഭിക്കുന്നതിനാൽ സർക്കാരിന് ലാഭകരമായ നിരക്ക് ലഭിക്കുകയും അതുവഴി പൊതുപണം ലാഭിക്കുവാനും സാധിക്കുന്നു. |
| (ബി) | ഇ-ടെണ്ടർ ഓപ്പൺ ചെയ്യുന്നതിനും അതിനുശേഷമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഇ-ടെണ്ടർ സൈറ്റിൽ നിശ്ചിത സമയത്തിൽ നിയുക്ത ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ കീ ഉപയോഗിച്ച് ടെണ്ടർ ഓപ്പൺ ചെയ്യുകയും തുടർന്ന് ബിഡ് ഡോക്യുമെന്റിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ പരിശോധിച്ച് ആവശ്യപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ സമർപ്പിച്ചിട്ടുള്ള പക്ഷം 5 കോടിക്ക് താഴെയുള്ള പ്രവൃത്തികളുടെ നിരക്കുകൾ പരിശോധിക്കുകയും ചെയ്യുന്നു. തുടർന്ന് യോഗ്യത നേടിയ കരാറുകാരുടെ വിവരങ്ങൾ പ്രൈസ് സോഫ്റ്റ് വെയറിൽ നൽകുകയും അതിലൂടെ അംഗീകാരം നേടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ ഉടമ്പടി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് Letter of Acceptance നൽകുകയും ചെയ്യുന്നു.<br><br>5 കോടിക്ക് മുകളിലുള്ള പ്രവൃത്തികളുടെ ടെണ്ടർ പ്രമാണങ്ങൾ പ്രീക്വാളിഫിക്കേഷൻ അംഗീകാരത്തിന് വേണ്ടി ചീഫ് എൻജിനീയർക്ക് സമർപ്പിക്കുകയും പ്രീക്വാളിഫിക്കേഷൻ കമ്മിറ്റിയിൽ അംഗീകാരം ലഭിക്കുന്ന കരാറുകാരെ സാങ്കേതിക വിലയിരുത്തൽ പൂർത്തിയാക്കി രേഖപ്പെടുത്തിയിട്ടുള്ള നിരക്കുകൾ പരിശോധിക്കുകയും തുടർന്ന് യോഗ്യത നേടിയ കരാറുകാരുടെ വിവരങ്ങൾ പ്രൈസ് സോഫ്റ്റ് വെയറിൽ നൽകുകയും അതിലൂടെ അംഗീകാരം നേടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ ഉടമ്പടി ചെയ്യുന്നതിന് Letter of Acceptance നൽകുകയും തുടർന്ന് കരാർ ഉടമ്പടി വച്ച് സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുന്നതുമാണ്. |
| (സി) | ഇ-ടെണ്ടർ പ്രകാരം ക്ലോസിംഗ് തീയതിക്ക് ശേഷം ഓപ്പൺ തീയതിയിൽ ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | 5 കോടിയിൽ കുറവുള്ള പ്രവൃത്തികൾക്ക് tender open ചെയ്ത ശേഷം ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയാൻ സാധിക്കും. എന്നാൽ പ്രീക്വാളിഫിക്കേഷൻ ആവശ്യമായ പ്രവൃത്തികൾക്ക് (5 കോടിയിൽ കൂടുതൽ) bid documents സാങ്കേതിക മൂല്യനിർണ്ണയം നടത്തി financial bid open ചെയ്ത ശേഷം ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയാൻ സാധിക്കും. |
| (ഡി) | നടപടിക്രമങ്ങൾ ലഘൂകരിക്കാനും പരാതിരഹിതമാക്കാനും പര്യാപ്തമായ ഇ-ടെണ്ടർ നടപടികൾ പ്രകാരം ഓപ്പൺ തീയതിക്ക് ശേഷവും ടെണ്ടർ ലഭിച്ചത് ആർക്കാണ് എന്നറിയാൻ കാത്തിരിക്കേണ്ടിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | അത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ